# അക്കാദമിക മാസ്റ്റർ പ്ലാൻ

## വി.ജി.എം. എ.എൽ.പി. സ്കൂൾ
## കടിഞ്ഞിമൂല

## ആമുഖം

തൈക്കടപ്പുറം എന്ന മനോഹരമായ കടലോരപ്രദേശത്ത് 1929ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. ശ്രീ.എം. കുഞ്ഞിരാമനാണ് സ്ഥാപക മാനേജർ. ഇപ്പോഴത്തെ മാനേജർ ശ്രീമതി.കെ. കുഞ്ഞിമാണിക്കം ടീച്ചർ. തുടക്കത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകൾ പ്രവർത്തിച്ചിരുന്ന പ്രീ-പ്രൈമറി മുതൽ 4വരെ ക്ലാസ്സുകളാണ് നിലവിലുള്ളത്. പരേതനായ എം.വി. നാലവൻ മാസ്റ്ററുടെയും ഇപ്പോഴത്തെ മാനേജർ ശ്രീമതി.കെ.കുഞ്ഞിമാണിക്കം ടീച്ചറുടെയും ഏകമകനായ വേണുഗോപാലിന്റെ സ്മരണ നിലനിർത്തുന്നതിനാണ് 1999ൽ എ.എൽ.പി. സ്കൂൾ കടിഞ്ഞിമൂല എന്നത് വേണുഗോപാൽ മെമ്മോറിയൽ എ.എൽ.പി. സ്കൂൾ കടിഞ്ഞിമൂല എന്നാക്കിയത്. 2006 മുതൽ കുട്ടികളുടെ യാത്രാസൗകര്യാർഥം സ്കൂളിന് സ്വന്തമായി ഒരു വാഹനം മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

## അവസ്ഥാ വിശകലനം

വർധിച്ചുവരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആധിക്യവും തൊട്ടടുത്ത GFUPS മരക്കാപ്പ് കടപ്പുറം ഹൈസ്കൂളായി upgrade ചെയ്തതും കാരണം വർഷം തോറും കുട്ടികൾ കുറഞ്ഞുവരുന്ന അവസ്ഥയാണ് നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നം. പ്രീ-പ്രൈമറിതലം മുതൽ നാലാം ക്ലാസ്സുവരെ 95 കുട്ടികളാണുള്ളത്. ഭൗതിക സാഹചര്യം ഒരുക്കി തരുന്നതിൽ മാനേജ്മെന്റ് ശ്രദ്ധിക്കാറുണ്ട്. പ്രധമാധ്യാപികയും അറബി അധ്യാപകനുമടക്കം 7 അധ്യാപകരാണ് നിലവിലുള്ളത്. ഇതിൽ ഒരധ്യാപിക ഡിവിഷൻ നഷ്ടപ്പെട്ട് PPTS ALPS കാഞ്ഞങ്ങാട് കടപ്പുറത്ത് പുനർവിന്യസിക്കപ്പെട്ടിരിക്കുകയാണ്. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധ പൊതുവെ കുറവാണ്. കലാകായിക പ്രവൃത്തി പരിചയമേളകളിൽ മികച്ച സ്ഥാനം കൈവരിക്കാൻ കഴിഞ്ഞ വർഷം

സാധിച്ചിരുന്നു. നല്ല കൃഷിസ്ഥലം ഉള്ള വിദ്യാലയമാണ് ഇത്.

**അക്കാദമികം**

**ഉപമേഖല : ഭാഷാപഠനം**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | a) മാതൃഭാഷാ നിലവാരം ഉയർത്തൽ<br>b) കുട്ടികളുടെ നിലവാരം പരിഗണിച്ച് വായനാസാമഗ്രികളുടെ ശേഖരണം<br>c) സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം<br>d) ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ<br>വ്യക്തികളുടെ പ്രാധാന്യം മനസ്സിലാക്കൽ | 1.പ്രീടെസ്റ്റ് പഠനനിലവാരം കണ്ടെത്തുന്നു.<br>2. പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>3.വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും (പഠനനിലവാരം പരിഗണിച്ച്)<br>4. പതിപ്പുകൾ, മാഗസിനുകൾ<br>5. ദിനാചരണങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട വിഷയവിദഗ്ദരുടെ ക്ലാസ്/അഭിമുഖം | ജൂൺ മാസം<br>ജൂൺ മുതൽ<br>ജൂൺ മുതൽ ആഗസ്റ്റ് വരെ<br>ജൂലായ് മുതൽ<br>ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>പ്രഥമ അധ്യാപകൻ<br>എസ്.ആർ.ജി.<br>ക്ലാസ് ടീച്ചർ, എസ്.എസ്.ജി. എസ്.ആർ.ജി. പ്രഥമ അധ്യാപകൻ<br>ദിനാചരണങ്ങളുടെ ചാർജ്ജുള്ള അധ്യാപകൻ | 500<br>പിടിഎ<br>1000<br>പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന) |

ലക്ഷ്യങ്ങൾ

ലഹരി വിരുദ്ധ മനോഭാവം വളർത്തുക. ലഹരി മുക്ത, പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് യാഥാർഥ്യമാക്കുക.

ആഴ്ചയിലൊരു ദിവസം സുംബാ ഡാൻസ് പോലുള്ള ലഘു വ്യായാമ മുറകളിൽ കുട്ടികൾക്ക് പരിശീലനം നൽകുക.

വിദ്യാരംഗം, ഗണിതം, സയൻസ്, പ്രവൃത്തിപരിചയം മുതലായ ക്ലബ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക

ദിനാചരണങ്ങൾ ക്ലാസ്സ്റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടത്താനുള്ള മുന്നൊരുക്കം ചെയ്യുക.

## ഉപമേഖല : പഠനപിന്നോക്കാവസ്ഥ

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഓരോ വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്കത്തിക്കൽ | പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികളെ പ്രീ ടെസ്റ്റിലൂടെ കണ്ടെത്തൽ.<br>പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>ക്യാമ്പുകൾ സംഘടിപ്പിക്കുന്നു<br>ഓരോ വിഷയത്തിനും ആവശ്യമായ സാമഗ്രികൾ തയ്യാറാക്കുന്നു.<br>കണ്ടെത്തുന്നു. ഗൃഹസന്ദർശനം നടത്തി കുടുംബപശ്ചാത്തലം മനസ്സിലാക്കൽ | ജൂൺ മാസം | പ്രഥമ അധ്യാപകൻ<br>ക്ലാസ് ടീച്ചർ<br>മറ്റധ്യാപകർ<br>പി.ടി.എ, | 5000<br>ബി.ആർസി.<br>പിടിഎ<br>അധ്യാപകർ |
| | ഉപമേഖല<br>ഭിന്നശേഷിക്കാർക്കുള്ള പരിഗണന<br>ഭിന്നശേഷിക്കാരെ മുൻനിരയിലെത്തിക്കൽ | പ്രത്യേക പരിശീലന മുറികൾ, പഠനസാമഗ്രികൾ എന്നിവയ്ക്കൊപ്പം നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | | |

| | | | | | |
|---|---|---|---|---|---|
| | ഉപമേഖല<br>ശാസ്ത്രപഠനം<br>ശാസ്ത്രമൂല ഉറപ്പാക്കൽ | 1. ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | പ്രഥമാധ്യാപകൻ<br>ക്ലാസ്സടീച്ചർ | 1000<br>പി.ടി.എ |
| | | 2. ശാസ്ത്ര പുസ്തകങ്ങൾ വാങ്ങൽ | ജൂൺ | എച്ച്.എം,<br>പി.ടി.എ | 4000<br>മുൻസിപ്പാലിറ്റി |
| | | 3. പി.ടി.എ.യിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം. | ആഗസ്റ്റ് | എസ്.ആർ.ജി. | |
| | | 4. ശാസ്ത്രമൂലയുടെ ക്രമീകരണം | ആഗസ്റ്റ് | | 8000 |
| | | 5. സ്കൂൾലാബ് സജ്ജമാക്കൽ | ആഗസ്റ്റ് | മാനേജർ | 1,00,000 |
| | ശാസ്ത്രാന്തരീക്ഷം ഒരുക്കൽ | 1. ശാസ്ത്ര മാഗസിൻ<br>ഓരോ ക്ലാസ്സിലും ശാസ്ത്രമൂല (ക്ലാസ് അനുയോജ്യമല്ല) | ജൂൺ മുതൽ | ക്ലാസ്സടീച്ചർ | 800 വീതം ഓരോ ക്ലാസിനും |
| | പഠനയാത്ര<br>പഠനയാത്രയ്ക്ക് മുന്നോടിയായി പഠനാനുഭവങ്ങൾ നേടുക.<br>വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ നേടൽ | പി.ടി.എ. വികസനസമിതി സ്കൂൾ സ്റ്റാഫ് എന്നിവരുമായി ആലോചിച്ച് സ്ഥലം തീരുമാനിക്കൽ. പഠനയാത്രയ്ക്ക് മുന്നോടിയായി പഠനാനുഭവങ്ങൾ നേടുന്നതിന് | ജനുവരി - ഫെബ്രുവരി | പ്രഥമാധ്യാപകൻ<br>പി.ടി.എ<br>എസ്.എസ്.ജി. | പി.ടി.എ<br>30,000 |

| | | | | | |
|---|---|---|---|---|---|
| | വിവിധ ഭൂപ്രദേശങ്ങളെ അറിയൽ | സഹായകമായ ചോദ്യാവലി തയ്യാറാക്കുന്നു. പഠനയാത്രയ്ക്ക് മുന്നോടിയായി പഠനാനുഭവങ്ങൾ നേടുന്നതിന് സഹായകമായ ചോദ്യാവലി തയ്യാറാക്കുന്നു. പഠനയാത്രയ്ക്ക് ശേഷം അനുഭവക്കുറിപ്പുകളും വിവരണങ്ങളും തയ്യാറാക്കുന്നു. | | | |

**മേഖല : അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷ**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പ്രീടെസ്റ്റ്-പഠനനിലവാരം കണ്ടെത്തൽ<br>2. പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>3. ഇംഗ്ലീഷ് അസംബ്ലി<br>4. ഇംഗ്ലീഷ് ഡയറി<br>5. പതിപ്പുകൾ, മാഗസിനുകൾ | ജൂൺ മുതൽ<br>ജൂലായ്<br>ആഴ്ചയിൽ ഒരു ദിവസം<br>ദിവസവും<br>ജൂലായ് മുതൽ | ക്ലാസ് ടീച്ചർ<br>പ്രഥമാധ്യാപകൻ<br>എസ്.ആർ.ജി<br>പ്രഥമാധ്യാപകൻ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | 1000/-<br>25/-<br>ഒരു കുട്ടിക്ക്<br>1000/- |
| <br>1<br>2 | ഉപമേഖല : ലൈബ്രറി ശാക്തീകരണം<br>ലൈബ്രറി ശക്തിപ്പെടുത്തൽ<br>അറബിക് ലൈബ്രറി | 1, ലൈബ്രറി പ്രയോജനപ്പെടുത്തൽ വായനാപുസ്തകം വാങ്ങൾ<br>2. പിറന്നാൾ സമ്മാനമായി വായനാ പുസ്തകങ്ങൾ<br>3. വായനാപുസ്തകങ്ങൾ ശേഖരിക്കൽ<br>4. ക്ലാസ് ലൈബ്രറി സജീവമാക്കൽ<br>5. വായനാ പുസ്തകങ്ങൾ സൂക്ഷി | ജൂൺ മുതൽ<br>ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ മുതൽ | പ്രഥമാധ്യാപകൻ<br>ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി<br>പി.ടി.എ<br>ക്ലാസ് ടീച്ചർ | 6,000/-<br>30,000/- |

| | | | | | |
|---|---|---|---|---|---|
| | | ക്കാൻ അലമാര<br>6. ലൈബ്രറി റൂം<br>7. എല്ലാ ക്ലാസിലും ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കാൻ അലമാര | | മാനേജർ<br>പി.ടി.എ<br>ക്ലാസ് ടീച്ചർ | 2,,00,000/-<br>10,000/- |
| 3<br><br>1 | ഉപമേഖല : ഗണിതശേഷി വികസനം<br>ഗണിതാന്തരീക്ഷം ഒരുക്കൽ | 1. പ്രീടെസ്റ്റ്-പഠനനിലവാരം കണ്ടെത്തൽ<br>2. പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>3. ഗണിതമാഗസിൻ<br>4. ഗണിതമൂല (ഓരോ ക്ലാസിനും അനുസരിച്ച ഗണിതോപകരണങ്ങൾ)<br>5. ഗണിതകിറ്റ് | ജൂൺ മാസം<br>ജൂൺ മാസം<br>ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br>പ്രഥമാധ്യാപകൻ<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ<br>പ്രഥമാധ്യാപകൻ<br>എസ്.ആർ.ജി<br>എസ്.എസ്.ജി,<br>പി.ടി.എ<br>പ്രഥമാധ്യാപകൻ<br>ക്ലാസ് ടീച്ചർ | 500/-<br>പി.ടി.എ<br>25/-വീതം ഒരു കുട്ടിക്ക് 500/-തോതിൽ ഓരോ ക്ലാസിൽ |
| 2 | ഗണിതലാബ് | 1. അനുയോജ്യമായ മുറി<br>2. ഗണിതപഠനോപകരണങ്ങൾ – അളവുപാത്രങ്ങൾ, ജ്യാമിതീയ രൂപങ്ങൾ, സ്കെയിൽ, ത്രാസ്<br>3. മെട്രിക്മേള | ജൂൺ മാസം<br>ജൂൺ മാസം<br>ഫെബ്രുവരി | മാനേജർ<br>പ്രഥമാധ്യാപകൻ<br>ക്ലാസ് ടീച്ചർ<br>പി.ടി.എ<br>എസ്.ആർ.ജി | 2,00,000/-<br>സ്കൂൾ ഗ്രാൻ്റ് |

| | | | | | |
|---|---|---|---|---|---|
| | ഐ.ടി. പരിശീലനം | | | | 1,000 |
| 1 | അധ്യാപകർക്കും കുട്ടികൾക്കും സാങ്കേതിക പരിശീലനം നൽകൽ | 1. ഓരോ പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനങ്ങൾ | ജൂൺ മുതൽ | എച്ച്.എം, അധ്യാപകർ, എസ്.എസ്.എ <u>ഐ.ടി.@സ്കൂൾ</u> | 2,00,000/- |
| 2 | ആവശ്യമായ കൈപ്പുസ്തകങ്ങൾ നൽകൽ | 2. ഐ.ടി.യുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ | ജൂൺ മാസം | എച്ച്.എം, അധ്യാപകർ | എം.എൽ.എ ഫണ്ട്, എസ്.എസ്.എ പി.ടി.എ. പൂർവ്വവിദ്യാർത്ഥി ഫണ്ട് 2,00,000/- |
| 3 | ആവശ്യമുള്ളത്രയും കമ്പ്യൂട്ടർ ലഭ്യമാക്കൽ | 3. കമ്പ്യൂട്ടർ ലാബ് സജ്ജമാക്കൽ | ജൂൺ മാസം | മാനേജർ, പി.ടി.എ, | |
| 4 | സാങ്കേതിക പിന്തുണ നൽകൽ | | | എച്ച്.എം, അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : മൂല്യനിർണ്ണയം

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ടേം മൂല്യനിർണ്ണയവും നിരന്തര മൂല്യനിർണയവും പ്രവർത്തനങ്ങൾ ആവശ്യമായ വർക്ക് ഷീറ്റുകൾ സ്കൂൾ തലത്തിലും തയ്യാറാക്കൽ, ആവശ്യമായ മോണിറ്ററിംഗ് പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ | 1. പഠനപ്രക്രിയ വിലയിരുത്തൽ<br>2. പോർട്ട് പോളിയോ വിലയിരുത്തൽ<br>3. യൂണിറ്റ്തല വിലയിരുത്തൽ<br>4. ആശയങ്ങൾ, പ്രക്രിയകൾ വിലയിരുത്തൽ | ജൂൺ മുതൽ | പ്രഥമാധ്യാപകൻ ക്ലാസ് ടീച്ചർ | എസ്.എസ്.എ<br>പി.ടി.എ.<br>മുൻസിപ്പാലിറ്റി<br>5,000/- |

**മേഖല : അക്കാദമികം**

**ഉപമേഖല : ജൈവ വൈവിധ്യ ഉദ്യാനം**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പച്ചക്കറിത്തോട്ടം<br>വിഷരഹിതമായ പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിന് | സ്ഥലം കണ്ടെത്തൽ<br>ഉപകരണങ്ങൾ വാങ്ങൽ<br>ജൈവവളം<br>വാട്ടർ സംവിധാനം<br>വിത്തുകൾ<br>ചെടികളായതിനുശേഷം നശിപ്പിക്കാതിരിക്കാനുള്ള സുരക്ഷാ സംവിധാനം (net, gate)<br>പ്രാദേശിക കർഷകരെ ഉൾപ്പെടുത്തി കൃഷി ഒരുക്കുന്നതിനുള്ള സംവിധാനം<br>ഔഷധസസ്യങ്ങൾ ശേഖരിക്കൽ<br>നടൽ | ജൂൺ മുതൽ | പച്ചക്കറി ചാർജ്ജുള്ള ടീച്ചർ, കുട്ടികൾ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ കൃഷിഭവൻ, മാനേജർ | 30,000/- |
| 2 | ഔഷധത്തോട്ടം | | | | 20,000/- |